**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 836** **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടിക വർഗ്ഗ വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സർക്കാരിന്റെ നൂറ് ദിന കർമ്മപരിപാടിയുടെ ഭാഗമായി പട്ടിക വർഗ്ഗ വകുപ്പ് എന്തെല്ലാം പദ്ധതികൾ നിർവ്വഹിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടി യുടെ ഭാഗമായി പട്ടികവർഗ്ഗ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1) ഹരിതരശ്മി പദ്ധതിയുടെ ഭാഗമായ ''നിറവല്ലം'' (കൃഷി) വയനാട്, ഇടുക്കി എന്നീ ജില്ലകളിലെ പട്ടികവർഗ്ഗ കർഷകരെ സംഘടിപ്പിച്ച്, കൃഷി അവർക്ക് സുസ്ഥിരമായ ജീവനോപാധിയാക്കി മാറ്റുന്നതിനുള്ള വിശാലമായ പദ്ധതിയാണ് 'ഹരിതരശ്മി’. ഈ പദ്ധതിയുടെ ഭാഗമായി വിത്തുകളും തൈകളും കർഷകർക്ക് നൽകി വിളവെടുക്കുന്ന പരിപാടിയാണ് 'നിറവല്ലം’. വയനാട് ജില്ലയിലെ 1500 പേർക്കും, ഇടുക്കി ജില്ലയിൽ 1000 പേർക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നു. 2) ആറളം ഫാം നവീകരണം കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ആറളം ഫാമിംഗ് കോർപ്പറേഷന്റെ നിയന്ത്രണത്തിൽ ആറളത്തുള്ള ഫാമിൽ കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക സഹകരണത്തോടെ നടപ്പാക്കുന്ന ഫാം പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി ചുവടെ പരാമർശിക്കുന്ന കാർഷിക പ്രവർത്തനങ്ങൾ നടത്തിയിരുന്നു. നഴ്സറി വിപുലീകരണം. അലങ്കാര ചെടി തോട്ടം സ്ഥാപിക്കൽ യന്ത്രവത്ക്കരണം വിപണനസ്ഥലം ഒരുക്കൽ മഞ്ഞൾ കൃഷി നടപ്പിലാക്കൽ മത്സ്യകൃഷി 3) പട്ടികവർഗ്ഗക്കാരുടെ സാമൂഹിക- സാമ്പത്തിക സർവ്വേ റിപ്പോർട്ട് പ്രസിദ്ധീകരണം പട്ടികവർഗ്ഗ വിഭാഗക്കാരുടെ വ്യക്തിയ ധിഷ്ഠിത, കുടുംബാധിഷ്ഠിത, ഊരധിഷ്ഠിതമായ വ്യത്യസ്ത വിവരങ്ങൾ വകുപ്പിലെ പ്രൊമോട്ടർമാരെ ഉപയോഗിച്ച് ശേഖരിച്ച് മെർജിയോസ് ഐ.റ്റി. സൊല്യൂഷൻസ് എന്ന സ്റ്റാർട്ടപ്പിന്റെ സാങ്കേതിക സഹായത്തോടെ |

| | | | |
|---|---|---|---|
| | | | സർവ്വെ അനുബന്ധ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. |
| (ബി) | പട്ടികവർഗ്ഗ വിഭാഗത്തിനു പുതിയതായി എന്തെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ? | (ബി) | പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ് . |

സെക്ഷൻ ഓഫീസർ